ഉത്തരം

(എ) കേരകർഷകനു സാമ്പത്തികനേട്ടം ഉണ്ടാക്കുന്നതിനായി കേര ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണത്തിനും വിപണിക്കുമായി ഒരു സമുച്ചയനിർമ്മാണത്തിനായി 330 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് ഇൻഫാം സമർപ്പിച്ചിരുന്നു. അത് നാളികേരവികസന ബോർഡിനു നാളികേര ടെക്നോളജി മിഷനിൽ പരിഗണിക്കുന്നതിനായി അയച്ചുകൊടുത്തു.

(ബി) ശ്രദ്ധയിൽ വന്നിട്ടില്ല.

(സി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാനത്തെ കൃഷി ഭവനുകൾ

100 [383] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കൃഷിഭവനുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിലൂടെ 1996-2001 കാലയളവിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്;

(സി) ഇതിൽ ഓരോ സാമ്പത്തിക വർഷത്തിലും ഈ പദ്ധതികൾക്കുവേണ്ടി ആകെ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(ഡി) 2001-02, 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതികൾക്കുവേണ്ടി എന്തു തുകവീതമണ് ചെലവഴിച്ചിട്ടുള്ളത്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിഭവനുകൾ മുഖാന്തിരം ഏതെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 1048 കൃഷി ഭവനുകൾ പ്രവർത്തിക്കുന്നു.

(ബി ആന്റ് സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷിക വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കിയ പദ്ധതികളുടേയും ചെലവായ തുകകളുടേയും വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ഡി) ഈ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടേയും ചെലവാക്കിയ തുകകളുടേയും വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപറയുന്ന പുതിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. പഴം പച്ചക്കറി കയറ്റുമതിമേഖല സ്ഥാപിക്കൽ.
2. വീട്ടുവളപ്പിലെ കൃഷി.
3. നഗരത്തിൽ ഒരു നാട്ടിൻപുറം.
4. കാർഷിക മേഖലയിൽ പ്രത്യേകം പാക്കേജ് പദ്ധതി.
5. ഗ്രൂപ്പ് അടിസ്ഥാനമാക്കിയുള്ള സന്ദർശന പരിപാടിയും ആഗ്രോ ക്ലിനിക് സംഘടിപ്പിക്കലും.

എൻഡോസൾഫാൻ ഉപയോഗം മൂലമുള്ള ദോഷങ്ങളെക്കുറിച്ച് പഠനം

101 [384] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
,, കെ. വി. കുഞ്ഞിരാമൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷനു കീഴിലുള്ള കശുമാവു തോട്ടങ്ങളിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നതുമൂലം പ്രസ്തുത പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് അർബുദം അടക്കമുള്ള മാരകരോഗങ്ങളും ജനിതകവൈകല്യങ്ങളും ഉണ്ടാകുന്നതായി വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശങ്ങളിലെ എൻഡോസൾഫാൻ ഉപയോഗം തടയുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എൻഡോസൾഫാൻ ഉപയോഗിക്കുന്നതു മൂലം ഉണ്ടാകുന്ന ദോഷങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) ഇല്ല. 2001 ഫെബ്രുവരിക്കുശേഷം പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിക്കുന്നില്ല.

(ബി) എൻഡോസൾഫാൻ ഉപയോഗിച്ചു അന്തരീക്ഷ മാർഗേനയുള്ള കീടനാശിനി പ്രയോഗം നിരോധിച്ചുകൊണ്ട് ജി. ഒ. (എം.എസ്.) 30/02/എ.ഡി. തീയതി 18-2-2002 പ്രകാരം ഉത്തരവ് ഇറക്കിയിട്ടുണ്ട്. കൂടാതെ 12-8-2002-ൽ ബഹു. കേരള ഹൈക്കോടതി എൻഡോസൾഫാനും അതിന്റെ എല്ലാവിധ ചേരുവകളും സംസ്ഥാനത്തി

LIBRARY ARCHIVES Kerala Legislative Assembly